**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1949** **29-09-2025 - ൽ മറുപടിയ്ക്ക്**

**തേർഡ് പാർട്ടി ഇൻഷ്വറൻസ് നടപടിക്രമം ലഘൂകരിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഒരു വാഹനത്തിൽ മറ്റൊരു വാഹനം ഇടിച്ച് കേടുപറ്റുകയും മനുഷ്യർക്ക് പരിക്ക് പറ്റാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അപകടം നടന്ന സ്ഥലത്തുതന്നെ പോലീസ്/മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥർ എത്തി നടത്തുന്ന ജി.ഡി. എൻട്രി ഉപയോഗിച്ച് കോടതി മുഖേനയല്ലാതെ നേരിട്ട് തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം ചെയ്യുന്നതിനുള്ള അനുമതി നിലവിലുണ്ടോ; വിശദീകരിക്കുമോ; | (എ) | ജി.ഡി. എൻട്രി ഉപയോഗിച്ച് കോടതി മുഖേനയല്ലാതെ നേരിട്ട് തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം ചെയ്യുന്നതിന് കഴിയില്ല. FIRന്റെ അടിസ്ഥാനത്തിൽ MACT കോടതി മുഖേനയാണ് തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം അനുവദിക്കുന്നത്. |
| (ബി) | ഇത്തരം സന്ദർഭങ്ങളിൽ ജി.ഡി. എൻട്രി സംബന്ധിച്ച് പരാതി യുണ്ടെങ്കിൽ മാത്രം കോടതി മുഖാന്തരം ഇൻഷ്വറൻസ് ക്ലെയിം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചാൽ അത് നടപടി ക്രമം ലഘൂകരിക്കുകയും തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം കിട്ടുന്നതിലെ കാലതാമസം ഗണ്യമായി കുറയ്ക്കുകയും വഴി പൊതുജനങ്ങൾക്ക് സൗകര്യപ്രദമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | 'ഇൻഷ്വറൻസ്' എന്നത് ഇന്ത്യൻ ഭരണ ഘടനയുടെ 7-ാംഷെഡ്യൂളിൽ 47-ാം entry ആയി 'യൂണിയൻ ലിസ്റ്റിൽ ' ഉൾപ്പെട്ട വിഷയമാണ്. അതിനാൽ തേർഡ് പാർട്ടി ഇൻഷ്വറൻസ് ക്ലെയിം ലഘൂകരിക്കുന്നതിനുള്ള നടപടി സംസ്ഥാന സർക്കാരിന് സ്വീകരിക്കാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ